# ജാത്യാധിഷ്഻ഠിത സമൂഹത്തിൽ ദളിത് സ്ത്രീകളും കാലാവസ്ഥാ നീതിയും

ശാന്ത ജി

വർത്തമാനകാലത്ത് ഏറ്റവുമധികം ചർച്ച ചെയ്യപ്പെടുന്ന പ്രശ്നങ്ങളിലൊന്നാണ് ആഗോളതാപനം അഥവാ ഭൂമിയുടെ താപനില ക്രമാതീതമായി ഉയരുന്ന അവസ്ഥ. ഒരു വിഭാഗം ഇതിനെ വലിയൊരു ആപത് സന്ധിയായി കാണുമ്പോൾ മറു ഭാഗം ഇതൊരു സ്വാഭാവിക പ്രതിഭാസം മാത്രമാണെന്നും ഇതിന്റെ അനന്തരഫലങ്ങൾ അതിശയോക്തിപരമായി ചിത്രീകരിക്കുന്നതാണ് പ്രശ്നമെന്നും വാദിക്കുന്നു. ഈ വാദം കേൾക്കുന്നവർ ഇത് ഭൂമിയുടെ വെറുമൊരു ചൂടുകൂടൽ മാത്രമാണ്, ലോകാവസാനമൊന്നുമല്ല എന്ന് ചിന്തിച്ചാൽ അത്ഭുതപ്പെടാനില്ല.

വിശ്രുതനായ തമിഴ് കവിയും തത്വചിന്തകനുമായിരുന്ന തിരുവള്ളുവർ പറഞ്ഞു. ''രണ്ട് വ്യത്യസ്ത ലോകങ്ങൾ നിലനിൽക്കുക സ്വാഭാവികമാണ്.'' എന്നാൽ ആഗോളതാപനം ആസന്നമായിരിക്കുന്ന ഒരു മഹാവിപത്തായി കാണുന്നവരെ സംബന്ധിച്ചിടത്തോളം ഈ രണ്ടു ലോകങ്ങൾക്ക് ഒരേസമയം ദീർഘകാല നിലനിൽപ്പ് ഇല്ലതന്നെ. ആഗോളതാപനം കണക്കാക്കപ്പെട്ടിരിക്കുന്നതിനേക്കാൾ ത്വരിതഗതിയിൽ വർദ്ധിക്കുന്നു എന്നോ, ഇത് ആപത്ക്കരമാണ് എന്നോ അല്ല ഞാനിവിടെ വാദിക്കുന്നത്. മറിച്ച് ദളിത് കുടുംബങ്ങളെ, പ്രത്യേകിച്ച് ദളിത് സ്ത്രീകളെ ആഗോളതാപനം മൂലമുള്ള പ്രശ്നങ്ങൾ എങ്ങനെ ബാധിക്കും അല്ലെങ്കിൽ എങ്ങനെ ബാധിച്ചിരിക്കുന്നു എന്ന് വിശകലനം ചെയ്യുകയാണ് ഈ ലേഖനത്തിന്റെ ഉദ്ദേശ്യം.

## ദളിത് സ്ത്രീകളുടെ അവസ്ഥ

ഏതാനും വർഷങ്ങൾക്കു മുമ്പ് 'മധുരൈ ഐഡിയ' എന്നൊരു സന്നദ്ധസംഘടന ഇന്ത്യയിലെ ചില സംസ്ഥാനങ്ങളിലെ ദളിത് സ്ത്രീകളുടെ അവസ്ഥയെക്കുറിച്ച് ഒരു സർവ്വെ നടത്തുകയുണ്ടായി. ദളിത് സ്ത്രീകൾ അനുഭവിക്കുന്ന അഗ്നിപരീക്ഷകൾ അക്കമിട്ടുനിരത്തുന്നതായിരുന്നു പ്രസ്തുത പഠനത്തിന്റെ റിപ്പോർട്ട്. ജാത്യാടിസ്ഥാനത്തിലുള്ള തൊട്ടുകൂടായ്മയും, തത്ഫലമായ മനുഷ്യാവകാശനിഷേധവും ദളിത് സ്ത്രീകളെ യഥാർത്ഥത്തിൽ അവരുടെ തൊഴിലുടമകളുടെ അടിമപ്പണിക്കാരായി മാറ്റിയതായി പഠനം വെളിപ്പെടുത്തി. ദളിത് വിഭാഗക്കാരെ സമന്മാരായും അവകാശമുള്ള മനുഷ്യ വ്യക്തികളായും കാണാനുള്ള താത്പര്യമില്ലായ്മയാണ് ഈ അവസ്ഥക്ക് അടിസ്ഥാന കാരണം. ദളിതർ സാമ്പത്തിക വളർച്ചയും, സ്വയം പര്യാപ്തതയും കൈവരിക്കുന്നതിൽ കടുത്ത അസഹിഷ്ണുത കാട്ടുന്ന ജാതിഭ്രാന്ത് മറ്റൊന്നും.

ഇതിവിടെ പരാമർശിക്കുന്നതിനൊരു കാരണമുണ്ട്. ദളിത് സംഘടനകൾക്കും പോരാട്ടങ്ങൾക്കും പിന്തുണയും ശക്തിയും പകരുകയും അവരുടെ അവകാശ ങ്ങൾക്കുവേണ്ടി വാദിക്കുകയും ചെയ്യുന്ന പുരോഗമന രാഷ്ട്രീയ പ്രസ്ഥാന ങ്ങൾ പോലും ദളിത് സ്ത്രീകൾ അനുഭവിക്കുന്ന ഗാർഹികവും, സാംസ്ക്കാരിക വുമായ പീഢനങ്ങൾക്കെതിരെ പരസ്യമായി മുന്നോട്ടു വരുന്നില്ല. ഈ പ്രശ്നം കൈകാര്യം ചെയ്യേണ്ട സമയം അതിക്രമിച്ചിരിക്കുകയാണ്. ജാതി പരിഗണന കൾക്കതീതമായ ബന്ധങ്ങൾ സാധ്യമാണെന്ന് തോന്നിയേക്കാമെങ്കിലും ഇത്തരം ബന്ധങ്ങൾക്ക് നിലനിൽക്കുവാനും, വളരുവാനും അനുയോജ്യമായ ഒരു ബദൽ സംസ്ക്കാരവും, മാതൃകകളും അനിവാര്യമാണ്. അതില്ലാതെ പ്രായോഗികതല ത്തിലുള്ള ഒരു ബദൽ കൂട്ടായ്മ വളർന്നു വരികയോ, ദളിത് സ്ത്രീകൾ അവ രുടെ പരിതാപകരമായ അവസ്ഥയിൽ നിന്ന് മോചിതരാകുകയോ സാധ്യമല്ലതാ നും. പുരോഗമന പ്രസ്ഥാനങ്ങൾ സ്ത്രീകളുടെ വീക്ഷണകോണിൽ സാമ്പ ത്തിക സാമൂഹിക പ്രശ്നങ്ങളെ നോക്കിക്കാണുമ്പോൾ മാത്രമേ ഗുണപരമായ, ധനാത്മകമായ മാറ്റങ്ങൾ സമൂഹത്തിൽ ഉണ്ടാവുകയുള്ളൂ.

വി. ഗീതയുടെ 'ജാതി, ദളിതർ, സ്ത്രീകൾ: മാറുന്ന ജാതി ബന്ധങ്ങളും മാറാത്ത വിദ്വേഷവും' എന്ന ഗവേഷണ റിപ്പോർട്ടിന്റെ ചില പ്രസക്ത ഭാഗങ്ങൾ ഇവിടെ കുറിക്കട്ടെ. 'കൊങ്കു പ്രദേശങ്ങൾ നോക്കുകയാണെങ്കിൽ മുഖ്യമായും ഒരു കാർഷിക സമൂഹം (ജാതി) ആയിരുന്ന കൊങ്കു വെള്ളാളർ വിഭാഗം വ്യവസായ രംഗത്തേക്ക് പ്രവേശിക്കുകയും അവരുടെ മേൽക്കോയ്മ ഉറപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഇങ്ങനെ മാറാതെ കാർഷിക പ്രവർത്തനങ്ങളിൽ മാത്രം ഒതുങ്ങി ക്കൂടിയവർ അത്ര ധനികരായിട്ടില്ല എന്നതും യാഥാർത്ഥ്യമാണ്. കൊങ്കു വെള്ളാ ളർ സമുദായത്തിലെ ഒരു വിഭാഗം സാമ്പത്തികാഭിവൃദ്ധി കരസ്ഥമാക്കിയിട്ടുണ്ടെ ങ്കിലും സാമ്പത്തിക, വിദ്യാഭ്യാസ, സാംസ്ക്കാരിക സ്ഥിതികളിൽ ഉന്നത രായി പരിഗണിക്കപ്പെടുന്ന ബ്രാഹ്മണർ തുടങ്ങിയ മേൽജാതികളേക്കാൾ താഴെ യുള്ളവരായാണ് ഇവർ ഇപ്പോഴും പരിഗണിക്കപ്പെടുന്നത്. ഈയവസ്ഥ മേൽക്കോയ്മ നിലനിർത്താൻ അവരെ സഹായിക്കുന്നു. കാലാനുസൃതമാറ്റങ്ങളി ലൂടെ ഇത് തുടർന്നുപോരുവാനും അവർക്ക് സാധിച്ചിട്ടുണ്ട്. മദ്ധ്യവർത്തി ജാതിക്ക് രാഷ്ട്രീയ അധികാരം നേടുവാൻ സാധിച്ചിട്ടുണ്ടെങ്കിലും ഇക്കാരണം കൊണ്ടുതന്നെ ഇത്തരക്കാരും ഉന്നതകുലജാതർ എന്നവകാശപ്പെടുന്നവരും തമ്മിലുള്ള വിടവ് കാര്യമായൊന്നും നികത്താൻ സാധിച്ചിട്ടില്ല. ഇത്തരമൊരു ജാത്യാധിഷ്ഠിത രാഷ്ട്രീയ ചുറ്റുപാടിൽ, ദളിത് സ്ത്രീകൾ, ഭരണയന്ത്രം തിരി ക്കുന്ന പിന്നോക്ക ജാതികളാൽ പോലും അവഗണിക്കപ്പെടുകയും ദുരുപയോഗം ചെയ്യപ്പെടുകയും തന്മൂലം ഇത്തരം ജാതിപരമായ മുൻവിധികളിലൂന്നിയ ജീവിത ശൈലിക്ക് അവർ സ്വയം കീഴ്പ്പെടുകയും ചെയ്യുന്ന അവസ്ഥയാണ് സംജാതമാ യിട്ടുള്ളത്.''

എന്നിരുന്നാലും ദളിത് ജനവിഭാഗത്തിലെ ചുരുക്കം ചിലരെങ്കിലും ഉന്നതവിദ്യാ ഭ്യാസം നേടുകയും ഉന്നത രാഷ്ട്രീയ പദവികളിൽ എത്തുകയും ചെയ്തതു മൂലം അവരുടെ സാമൂഹ്യ ജീവിതത്തിൽ അടുത്തകാലത്തായി ചില മാറ്റങ്ങൾ

വന്നിട്ടുണ്ട്. കുറച്ചുപേർ മെച്ചപ്പെട്ട ജീവിതാവസ്ഥയിൽ എത്തിയിട്ടുണ്ടെങ്കിലും ദളിത് വിഭാഗത്തിലെ ഭൂരിഭാഗവും ഭൂരഹിതരായ കർഷകതൊഴിലാളികളായി ജോലി ചെയ്യുന്നവരും, ശൗചാലയ ശുചീകരണം തുടങ്ങി അപായകരമായതും, മറ്റാരും താത്പര്യപ്പെടാത്തതും അതിലുപരി അവരുടെ ആരോഗ്യത്തെയും ജീവനെത്തന്നെയും സാരമായി ബാധിക്കുന്നതുമായ തൊഴിലുകളിൽ ഏർപ്പെട്ട് ഇന്നും ജീവിതം തള്ളിനീക്കുന്നവരുമാണ്. ദളിത് സ്ത്രീകളാകട്ടെ പുറം സമൂഹത്തിലുള്ളവരുടെ ലൈംഗീകാതിക്രമങ്ങൾക്ക് വിധേയരാകുകയും സ്വകുടുംബത്തിൽ രണ്ടാംതരം വ്യക്തികളായി ഗണിക്കപ്പെടുകയും ചെയ്യുന്നു. എന്നാൽ പരമ്പരാഗതമായ ഈ നിന്ദ്യാവസ്ഥയിൽ നിന്ന് സ്വയം മോചിതരാകാൻ ശ്രമിക്കുന്ന ദളിത് സ്ത്രീകളുമുണ്ട്. ഇവർ തങ്ങളുടെ അവകാശങ്ങൾക്കുവേണ്ടി പോരാടുകയും സർക്കാർ പിന്തുണ തേടുകയും ഒക്കെ ചെയ്യുന്നുണ്ടെങ്കിലും സർക്കാർ ഇവരെ കാണുന്നത് അവകാശപ്പോരാളികളായല്ല മറിച്ച് സംരക്ഷിക്കപ്പെടേണ്ട ജനവിഭാഗമായിട്ടാണ്. വൈരുദ്ധ്യമെന്ന് പറയട്ടെ സർക്കാർ സ്ഥാപനങ്ങളിൽ നിന്നും ഉദ്യോഗസ്ഥരിൽ നിന്നും ഏറ്റവും കുറഞ്ഞ തോതിലെങ്കിലും അംഗീകാരമോ പരിഗണനയോ ഇവർക്ക് ലഭിക്കുന്നുമില്ല. ഗ്രാമപഞ്ചായത്ത് ഭരണകർത്താക്കളായി തെരഞ്ഞെടുക്കപ്പെടുന്ന ദളിത് സ്ത്രീകൾ നേരിടുന്ന വെല്ലുവിളികൾ ഇതിന് മകുടോദാഹരണമാണ്.

സാമൂഹികവും സാമ്പത്തികവും രാഷ്ട്രീയപരവും സാംസ്ക്കാരികവുമായ അടിച്ചമർത്തൽ പ്രത്യയശാസ്ത്രത്തിന്റെ മൗലികമായ ബഹിർസ്ഫുരണങ്ങളായി ദളിത് വിഭാഗങ്ങളോടുള്ള ക്രൂരതകളെ വിവക്ഷിക്കാം. മനുഷ്യരായി ജന്മമെടുത്തവർക്കെല്ലാം ബുദ്ധിശക്തിയും ചിന്താശക്തിയുമുണ്ടെങ്കിലും ഉന്നതവിദ്യാഭ്യാസം നേടിയവർക്കും, ബുദ്ധിജീവികൾക്കും മാത്രമാണ് ഇത്തരം കഴിവുകൾ ഉള്ളത് എന്നാണ് പൊതുവായുള്ള ധാരണ. എന്തുതന്നെയായാലും മേൽപ്പറഞ്ഞതുപോലെ ക്ഷേമപ്രവർത്തനങ്ങൾക്ക് തുരങ്കം വെയ്ക്കുന്ന സർക്കാർ നയങ്ങളും, ഇത്തരം അടിച്ചമർത്തലിന്റെ സാമൂഹികവും സാമ്പത്തികവും രാഷ്ട്രീയപരവും സാംസ്ക്കാരികവുമായ പ്രത്യയശാസ്ത്രങ്ങളുമെല്ലാം ദളിത് വിഭാഗക്കാരെ കാലാകാലങ്ങളോളം അടിച്ചമർത്തപ്പെട്ടവരായി നിലനിർത്തുന്നതിന് ലക്ഷ്യം വെച്ചുള്ളവയാണ്. ഇത്തരം സാമൂഹിക, സാമ്പത്തിക, രാഷ്ട്രീയ, സാംസ്ക്കാരിക അടിച്ചമർത്തലുകൾ ഡോ.ബി. ആർ അംബേദ്കർ, ഇ.പി. രാമസ്വാമി പെരിയോർ തുടങ്ങിയ സമുന്നത നേതാക്കളുടെ പരിശ്രമഫലമായി ഒരു പരിധിവരെ തടയപ്പെട്ടുവെങ്കിലും ആഗോളതാപനത്തിന്റെയും, കാലാവസ്ഥാ വ്യതിയാനത്തിന്റെയും മുഖ്യകാരണങ്ങളായി ചൂണ്ടിക്കാട്ടാവുന്ന സാങ്കേതിക വളർച്ചയുടെയും ആഗോളവൽക്കരണത്തിന്റെയും ഫലമായി വീണ്ടും അവയുടെ വൃത്തികെട്ട തല പൊക്കാൻ തുടങ്ങിയിരിക്കുന്നു.

## ദളിത് സ്ത്രീകൾ: മൂന്നുതരം വെല്ലുവിളികൾ

ദളിത് സ്ത്രീകളെ സംബന്ധിച്ചിടത്തോളം മൂന്ന് തരം വെല്ലുവിളികളാണ് നേരിടാനുള്ളത്. ഇതിൽ ആദ്യത്തേത് പുരുഷമേധാവിത്ത സമൂഹത്തിൽ സ്ത്രീകൾ പൊതുവെ നേരിടുന്ന, സ്ത്രീകൾ കുടുംബത്തിന്റെ ഉത്തരവാദിത്തങ്ങൾ ഏറ്റെടു

ക്കണം എന്ന അവസ്ഥയുമായി ബന്ധപ്പെട്ടതാണ്. പ്രധാനമായും ഭക്ഷണം പാചകം ചെയ്യൽ, ജലം ശേഖരിക്കൽ, പ്രായമായവരുടെയും കുട്ടികളുടെയും പരിചരണം തുടങ്ങിയ കുടുംബത്തിന്റെ ആഭ്യന്തര കാര്യങ്ങൾ അവർ നോക്കണം. ഇതിനെ 'കുടുംബത്തിലെ ലിംഗപരമായ തൊഴിൽ വിഭജനം' എന്നു വിളിക്കാം.

ഇവർ നേരിടുന്ന രണ്ടാമത്തെ വെല്ലുവിളി അവർ ദളിതരാണെന്നത് തന്നെ. ഉയർന്ന ജാതി, താഴ്ന്ന ജാതി തുടങ്ങിയ വേർതിരിവുകളോടെയുള്ള ജാതി ശ്രേണിയുടെ അടിസ്ഥാനത്തിൽ ദളിത് വിഭാഗക്കാർ കണക്കാക്കപ്പെടുക ഏറ്റവും താഴെ തട്ടിലുള്ള സാമൂഹ്യ ക്രമത്തിന്റെ വിളുമ്പിലുള്ള തൊട്ടുകൂടാത്തവരും, പാർശ്വവൽക്കരിക്കപ്പെട്ടവരുമായാണ്.

മൂന്നാമത്തേതാകട്ടെ ആഗോളതാപനം മൂലമുള്ള പാരിസ്ഥിതിക മാറ്റങ്ങളുമായി ബന്ധപ്പെട്ടതാണ്. ഇത്തരം മാറ്റങ്ങളുടെ അനന്തരഫലങ്ങൾ എല്ലാ ജീവജാലങ്ങളെയും ബാധിക്കുന്നതാണെങ്കിലും ദളിത് സ്ത്രീകളെയും പെൺകുട്ടികളെയും ഇത് കൂടുതൽ മോശമായി ബാധിക്കുന്നില്ല എന്ന നിഷേധാത്മകവാദം ഒരിക്കലും അംഗീകരിക്കത്തക്കതല്ല. കാരണം, ഇത്തരം നിഷേധങ്ങൾ, ഇവരുടെ ജാതി ശ്രേണി സ്ഥാനം കൂടി കണക്കിലെടുക്കുമ്പോൾ കാലാവസ്ഥാ നീതിക്കുവേണ്ടിയുള്ള ഇവരുടെ ശ്രമങ്ങളെ തുലോം ദുർബ്ബലമാക്കുന്നു.

മുൻകാലങ്ങളിൽ, ഏതാണ്ട് 15 വർഷങ്ങൾക്ക് മുമ്പുവരെ സുലഭമായി ലഭിച്ചിരുന്ന വിഭവമായിരുന്നു ജലം. തമിഴിൽ 'വെള്ളംപോലെയുള്ളവൻ' എന്ന് ആർക്കും ആജ്ഞാനുവർത്തികളായി, ആർക്കും വശംവദരാകുന്നവരെ പരിഹസിക്കാൻ ഉപയോഗിക്കുന്ന ഒരു പ്രയോഗം തന്നെയുണ്ടായിരുന്നു. പക്ഷെ ഇന്ന് ജലം അത്തരമൊരു ഉപമരൂപേണയോ, തുലനാൽമകമായ രീതിയിലോ ഉപയോഗിക്കത്തക്കതല്ല. മറിച്ച് വിലകൊടുക്കുവാൻ കഴിവുള്ളവർക്കുമാത്രം, ലഭ്യമാകുന്ന ഒരു അസുലഭ വസ്തുവാണ്. സമുദ്രജലാതിർത്തികളെയും സംസ്ഥാനങ്ങളുടെ ജലം പങ്കിടലുകളെയുമെല്ലാം ബന്ധപ്പെട്ടുള്ള അവകാശവാദങ്ങളും, മറുവാദങ്ങളും നിറഞ്ഞ, അന്തർസംസ്ഥാന ബന്ധങ്ങളെ സാരമായി ബാധിക്കുന്ന ഒരു രാഷ്ട്രീയവൽക്കൃത പ്രശ്നമായി ജലം ഇന്ന് മാറിയിരിക്കുന്നു.

കേരളവും, തമിഴ്നാടും തമ്മിലുള്ള മുല്ലപ്പെരിയാർ നദീതർക്കം, ആന്ധ്രയും തമിഴ്നാടും തമ്മിലുള്ള കൃഷ്ണനദി തർക്കം, കർണ്ണാടകയും തമിഴ്നാടും തമ്മിലുള്ള കാവേരി നദി തർക്കം ഇവ ഉദാഹരണങ്ങളാണിതിന്.

ഗ്രാമതലങ്ങളിൽ, കുടുംബങ്ങൾക്കുള്ളിൽ പോലും വെള്ളത്തിന്റെ രാഷ്ട്രീയം അധികം പുറത്തുവരാത്ത ഒരു തർക്കവിഷയമാണ്. ഗ്രാമങ്ങളിലെ കുടിവെള്ള കിണറുകൾ പൊതുവെ എല്ലാവർക്കും ഒരുപോലെ ഉപയോഗത്തിന് ലഭ്യമല്ല. ജാതിവ്യവസ്ഥയാൽ വേർതിരിക്കപ്പെട്ടിരിക്കുന്ന ഇത്തരം കിണറുകളിൽ നിന്ന് ജലം ശേഖരിക്കാൻ ദളിത് സ്ത്രീകൾക്ക് സാധിക്കില്ല. തൊട്ടുകൂടായ്മയുടെ മാന

ക്കേട് ചുമക്കുന്ന ഇവർ തങ്ങൾ താമസിക്കുന്ന ഇടങ്ങളിൽ നിന്ന് ബഹുദൂരം നടന്ന് കുടിവെള്ളം ശേഖരിക്കാൻ നിർബന്ധരാകുന്നു. മുഖ്യമായും പെൺകുട്ടികൾക്കാണ് കുടുംബത്തിന് മുഴുവൻ ആവശ്യമായ കുടിവെള്ളം ശേഖരിക്കുന്നതിന്റെ ഉത്തരവാദിത്തമെന്നിരിക്കെ ഇവരുടെ വിദ്യാഭ്യാസവും തന്മൂലം നിഷേധിക്കപ്പെടുന്നു. കടുത്ത ജലക്ഷാമം നേരിടുന്ന വിരുദുനഗർ പോലുള്ള ജില്ലകളിൽ ഉയർന്ന ക്ലാസുകളിൽ നിന്നുമുള്ള ദളിത് പെൺകുട്ടികളുടെ കൊഴിഞ്ഞുപോക്കിന് പ്രധാനകാരണങ്ങളിലൊന്നായി ചൂണ്ടിക്കാണിക്കപ്പെടുന്നതിതാണ്. മുൻകാലങ്ങളിൽ ഉപയുക്തമായിരുന്ന ടാങ്കുകൾ, കുളങ്ങൾ, നീർച്ചാലുകൾ, ചിറകൾ തുടങ്ങിയ ജലസ്രോതസ്സുകളെല്ലാം ഇന്ന് പ്രവർത്തനരഹിതമാണ്. കുറെയെല്ലാം അപ്രത്യക്ഷമാകുകയും ചെയ്തു. വികസന പ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കപ്പെടുമ്പോൾതന്നെ നശിപ്പിക്കപ്പെടുന്ന പ്രധാന സംഗതികളിലൊന്ന് ഇത്തരം പരമ്പരാഗത ജലസംഭരണികളാണ്. ഇത്തരം നശീകരണം മാത്രമല്ല രൂക്ഷമായിരിക്കുന്ന ജലക്ഷാമത്തിന് കാരണം. വ്യവസായശാലകളിൽ നിന്നുമുള്ള മലിനജലവും, മറ്റ് മാലിന്യങ്ങളുമെല്ലാം ഈ ശുദ്ധജലാശയങ്ങളിലേക്കും, ചെറുതും വലുതുമായ നദികളിലേക്കും തള്ളുന്നതും ഇവ ഉപയോഗശൂന്യമാകാൻ കാരണമാകുന്നുണ്ട്.

പ്രപഞ്ചഘടനത്തിലെ പഞ്ചമൂലകങ്ങളായ ഭൂമി, ജലം, വായു, ആകാശം, അഗ്നി തുടങ്ങിയവ മനുഷ്യരാശിയുടെ നിലനിൽപ്പിന് അത്യന്താപേക്ഷിതമാണ്. എന്നാൽ ഈ നിലനിൽപ്പിന് കടുത്ത വെല്ലുവിളി ഉയർത്തുന്ന രീതിയിൽ ഇവ മലീമസമാക്കപ്പെട്ടിരിക്കുന്നു.

ചെറുപട്ടണങ്ങളിലും, വൻനഗരങ്ങളിലുമെല്ലാം വാഹനങ്ങളിലൂടെയുള്ള ശുദ്ധജലവില്പന ഇന്ന് നിത്യകാഴ്ചയാണ്. ക്ഷേമപ്രവർത്തനമെന്ന ലേബലിൽ സർക്കാർ സൗജന്യനിരക്കിൽ ശുദ്ധജലവില്പന നടത്തുന്നു എന്നത് ഒരു വിരോധാഭാസമല്ലേ? എല്ലാ ജനവിഭാഗങ്ങൾക്കും ഇങ്ങനെ പണം നൽകി വെള്ളം വാങ്ങാൻ കഴിയുമോ? അത്താഴപട്ടിണിക്കാരൻ പണം കൊടുത്ത് കുടിവെള്ളം വാങ്ങാൻ നിർബന്ധനാകുന്ന അവസ്ഥ എങ്ങനെ ന്യായീകരിക്കാൻ സാധിക്കും?

ഒരുവശത്ത് ജലാശയങ്ങളെ നിർബാധം മലിനീകരിക്കാൻ ഫാക്ടറികൾക്കും, വ്യവസായ യൂണിറ്റുകൾക്കുമെല്ലാം അനുമതി നൽകുന്നതരം വിനാശകരമായ നയങ്ങളും പദ്ധതികളുമാണ് നമുക്കുള്ളത്. മറുഭാഗത്താകട്ടെ സമീപസ്ഥമായ ജലാശയങ്ങളിൽ നിന്നും ദളിത് സ്ത്രീകളെ ആട്ടിയകറ്റുന്ന സാമൂഹ്യഘടനയും. ദളിത് സ്ത്രീകൾ ഇതിനെതിരെ ശബ്ദമുയർത്താൻ മുതിർന്നാൽ സമൂഹത്തിലെ ഉന്നതരിൽ നിന്ന് ക്രൂരമായ പീഡനങ്ങളും ഉപദ്രവങ്ങളും സഹിക്കേണ്ടിയും വരുന്നു.

## അനീതി നിറഞ്ഞ ഒരു സാമൂഹ്യ ചുറ്റുപാടിലെ കാലാവസ്ഥാ നീതി

''സാമ്പത്തിക വളർച്ചയാണ് ആവാസവ്യവസ്ഥയുടെ ഏറ്റവും വലിയ വിനാശകാരി. വളരുന്ന സമ്പദ് വ്യവസ്ഥയും, ആരോഗ്യകരമായ പരിസ്ഥിതിയും ഒരുമിച്ച്

നമുക്ക് സാധ്യമാണ് എന്നു കരുതുന്നവർക്ക് തെറ്റിയിരിക്കുന്നു. നമ്മൾ നമ്മുടെ എണ്ണം കുറച്ചില്ലെങ്കിൽ പ്രകൃതി നമുക്കായി അത് ചെയ്യും.'' കനേഡിയൻ വന്യ ജീവി ശാസ്ത്രജ്ഞനായ നെയ്ൽ ഡേവിന്റെ (Neil Davie) വാക്കുകൾ.

കഴിഞ്ഞ രണ്ട് നൂറ്റാണ്ടുകളിൽ അന്തരീക്ഷത്തിലെ മീഥെയ്ൻ അളവ് മില്യന് (ദശലക്ഷത്തിന്) 0.7 ഭാഗം എന്നതിൽ നിന്ന് ദശലക്ഷത്തിന് 1.7 ഭാഗം എന്നായി വർദ്ധിച്ചിരിക്കുന്നു. ഇത്ര വലിയ അളവിൽ മീഥെയ്ൻ അന്തരീക്ഷത്തിലേക്ക് കടത്തിവിട്ടാൽ ഇത് ആഗോളതാപനം നിശ്ചയമായും 4 മുതൽ 6 ഡിഗ്രി സെൽഷ്യസ് വരെ വർദ്ധിക്കാൻ ഇടയാക്കുമെന്ന് ചില കാലാവസ്ഥാ ശാസ്ത്രജ്ഞർ ഭയക്കുന്നു[9]. കൂടുതൽ വിവരങ്ങൾ ലഭ്യമായിവരുന്നതിനനുസരിച്ച് ചിത്രം കൂടുതൽ കൂടുതൽ ഇരുളുകയാണ്.കാലാവസ്ഥാ വ്യതിയാനവുമായി ബന്ധപ്പെട്ട കാരണങ്ങളാൽ ഓരോ വർഷവും 5 മില്യൻ (50 ലക്ഷം) ആളുകളെങ്കിലും മരണപ്പെടുന്നുവെന്നാണ് ഇപ്പോൾ തന്നെയുള്ള കണക്ക്.[10] മിക്ക കാലാവസ്ഥ മാതൃകകളും പ്രവചിച്ചതിനേക്കാൾ വേഗത്തിൽ ഈ പ്രക്രിയ തുടരുമെന്നാണ് പ്രതീക്ഷിക്കുന്നത്.

ആഗോളതാപനം ചിലയിടങ്ങളിൽ ആവശ്യമായ മഴയുടെ അഭാവത്തിന് മാത്രമല്ല വേറെ ചില ഭാഗങ്ങളിൽ വെള്ളപ്പൊക്കത്തിനും പ്രധാനമായും മഞ്ഞുപാളികൾ ഉരുകുന്നതിനും കാരണമായിട്ടുണ്ട് എന്ന് നമുക്കറിയാം. ഹിമാലയൻ പ്രദേശങ്ങളിൽ അടുത്തകാലത്തുണ്ടായ വെള്ളപ്പൊക്കം ഇത്തരമൊരു പ്രതിഭാസമാണ്. ആ ദുരന്തത്തിലെ ആയിരക്കണക്കിന് സ്ത്രീ പുരുഷന്മാരുടെ മരണം ഉണ്ടാക്കിയ നാശനഷ്ടങ്ങളും കടുത്ത വേദനകളും നമുക്ക് മറക്കാൻ കഴിയുമോ?

വൻ നഗരങ്ങളിലോ, ചെറുപട്ടണങ്ങളിലോ ഗ്രാമങ്ങളിലോ എവിടെ ആയാലും ദളിത് വിഭാഗക്കാർ മിക്കവാറും താഴ്ന്ന പ്രദേശങ്ങളിലാണ് അധിവസിക്കുക. വെള്ളപ്പൊക്കം മൂലം ഇവരുടെ കുടിലുകൾ മുങ്ങിപ്പോകുവാനോ, ഒലിച്ചുപോകാനോ ഇടയാകുന്നു. ഈ വിനാശത്തിന്റെ പേരിൽ അവർക്കു ലഭിക്കുന്ന നാമമാത്രമായ നഷ്ടപരിഹാരം നഷ്ടപ്പെട്ട കുടിലുകൾ പുനർനിർമ്മിക്കാൻ മതിയായതല്ല. ഇതിനുപുറമെ, ഭക്ഷണപ്പൊതികൾ വിതരണം ചെയ്യുമ്പോൾ അതിനായി യാചിക്കേണ്ടിവരുന്നതും ഇവർക്ക് കടുത്ത മാനസിക സമ്മർദ്ദത്തിന് ഇടയാക്കുന്നു. ഈ ദുരന്തത്തിന് മുമ്പ്, ജീവിതം തള്ളിനീക്കാൻ സ്ത്രീകൾ ചെയ്തിരുന്ന വീട്ടുജോലികളും പുരുഷൻമാർക്കുണ്ടായിരുന്ന റിക്ഷാവലിക്കൽപോലുള്ള ജോലികൾ പോലും 30–40 കിലോമീറ്റർ ദൂരെ പുനരധിവസിക്കപ്പെട്ടതുമൂലം അവർക്ക് നഷ്ടപ്പെടുന്നു. ഇത്തരം ഹൃദയശൂന്യമായ പറിച്ചുനടൽ മൂലം ഈ പാവം ജനതയുടെ പാർപ്പിടവും വസ്തുവകകളും തൊഴിലുപകരണങ്ങളുമെല്ലാം ദയനീയമായ രീതിയിൽ നഷ്ടമാകുകയാണുണ്ടാകുന്നത്. തന്മൂലം അവർ തൊഴിലില്ലായ്മയിലേക്കും, ദാരിദ്ര്യത്തിലേക്കും സമൂഹത്തിന്റെ വിളുമ്പി

---

[9] 'The coming of an instant planetary emergency', an article by U.S. journalist Dahr Jamail published by the Nation institute, a non-profit media centre in the USA.

[10] Human health and climate change- The Climate Institute

ലേക്കും തള്ളപ്പെടുകയും ചെയ്യുന്നു. മിക്കപ്പോഴും കിടക്കാനിടം പോലും ലഭിക്കാതെ അനാരോഗ്യകരമായ ചുറ്റുപാടിൽ നടപ്പാതകളിൽ അന്തിയുറങ്ങേണ്ടിവരുന്ന അവസ്ഥയിലേക്ക് പോലുമെത്തുന്നു.

ഭൂരഹിതരായ ദളിത് വിഭാഗങ്ങൾക്ക് ആകെയുള്ള സ്വത്ത് കന്നുകാലികൾ, ആട്, മാട്, കോഴി തുടങ്ങിയ വളർത്തുമൃഗങ്ങളാണ്. അവരുടെ കന്നുകാലികൾ പുല്ലു മേയുന്നയിടങ്ങൾ വ്യവസായശാലകൾക്കും മറ്റുമായി കവർന്നെടുക്കപ്പെടുമ്പോൾ ഇവയെ വിറ്റൊഴിവാക്കുകയല്ലാതെ മറ്റ് മാർഗ്ഗമില്ലാതാകുന്നു. കൂടാതെ പൊതുസ്ഥലത്തു ഇവർക്ക് പ്രവേശനം നിഷേധിക്കപ്പെടുന്ന അവസ്ഥകൂടിയാകുമ്പോൾ ഭക്ഷണം പാചകം ചെയ്യാൻ വിറകു കണ്ടെത്താനും മറ്റും സ്ത്രീകളും കുട്ടികളും ഏറെ കഷ്ടപ്പെടേണ്ട സ്ഥിതിയും ഉണ്ടാകുന്നു.

ദളിത്, പട്ടികവിഭാഗക്കാരുടെ ഭൂമി ഏറ്റെടുക്കൽ വ്യക്തമായി തടയുന്ന സർക്കാർ ഉത്തരവുകളുണ്ട്. ഇതിലൊന്ന് റവന്യു വകുപ്പിന്റെ 27.12.1984 ലുള്ള 2078 നമ്പർ ഉത്തരവും മറ്റൊന്ന് 28.4.1995 ലുള്ള 353 –ാം നമ്പർ സർക്കാർ ഉത്തരവുമാണ്. എന്നിരുന്നാലും ഇവരുടെ കുടിയൊഴിപ്പിക്കൽ നിർബാധം തുടരുകയാണ്. നിർബന്ധിത കുടിയൊഴിപ്പിക്കലിൽ നിന്നും സ്ഥാനമാറ്റങ്ങളിൽ നിന്നും ജനങ്ങളെ സംരക്ഷിക്കേണ്ട ഉത്തരവാദിത്തം ഭരണകൂടത്തിനാണ്. ഈ പുറത്താക്കലിനും കുടിയൊഴിപ്പിക്കലിനുമെല്ലാം തടയിടാൻ ബദൽ പദ്ധതികൾ ഉരുത്തിരിയേണ്ടിയിരിക്കുന്നു.

ഐക്യരാഷ്ട്ര സംഘടനയുടെ 'പാർപ്പിടത്തിനുള്ള പ്രത്യേക നിരീക്ഷകന്റെ' റിപ്പോർട്ട് സുരക്ഷിത വാസസ്ഥലം, പങ്കാളിത്തം, വിവരങ്ങളുടെ ലഭ്യത, ഭൂമി, ജലം, പ്രകൃതി വിഭവങ്ങൾ ഇവയുടെ ലഭ്യത, നശീകരണത്തിൽ നിന്നും കേടുപാടുകളിൽ നിന്നുമുള്ള സുരക്ഷ, പുനരധിവാസവും നഷ്ടപരിഹാരവും, നീതിക്കുള്ള അവസരവും, വിദ്യാഭ്യാസവും സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങളിൽ നിന്നുമുള്ള മോചനവും തുടങ്ങിയവയെല്ലാം ഉൾക്കൊള്ളുന്നതാണ്. പക്ഷേ വികസന പദ്ധതികളുടെ പേരിലോ, വർദ്ധമാനമായിക്കൊണ്ടിരിക്കുന്ന പ്രകൃതി ദുരന്തങ്ങൾ മൂലമോ, തങ്ങളുടെ വാസസ്ഥലത്തുനിന്ന് പറിച്ചുമാറ്റപ്പെടുന്ന പാവപ്പെട്ടവർക്ക് ആവശ്യമായ ഭക്ഷണം, ശുദ്ധജലം, വൈദ്യസഹായം, വിദ്യാഭ്യാസം, തൊഴിൽ, വ്യക്തിസുരക്ഷിതത്വം, അടിച്ചമർത്തലിൽ നിന്നും അതിക്രമത്തിൽ നിന്നും മോചനം, ഭൂമി, പാർക്കാനുള്ള ഇടം എന്നിവ നിശ്ശേഷം ഇല്ലാതാക്കുന്നു.

പ്രകൃതി വിഭവങ്ങളുടെ നാശത്തലേക്ക് നയിക്കുന്ന വാണിജ്യവൽക്കരണത്തെ പിന്താങ്ങുന്ന സർക്കാർ നയങ്ങൾ ആഗോളതാപനം ത്വരിതഗതിയിലാക്കുമെന്നത് അവിതർക്കിതമായ വസ്തുതയാണ്. ഇത് സംഭവിക്കുമ്പോൾ ഇപ്പോഴേ ദുർബ്ബലമായ ദളിത് സ്ത്രീകളുടെ അവസ്ഥ ഒന്നുകൂടി മോശമാകുക മാത്രമാണ് ചെയ്യുക. ഇവിടെ ഉയരുന്ന ചോദ്യമിതാണ്.

**കാലാവസ്ഥാ നീതി എന്നതുകൊണ്ട് ഈ ജനവിഭാഗത്തെ സംബന്ധിച്ച് എന്താണ് അർത്ഥമാക്കുന്നത്?**